മത്സ്യത്തൊഴിലാളികൾക്കിടയിൽ സാക്ഷരത, തുടർ വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നിവയ്ക്ക് പ്രത്യേകം പരിപാടികൾ സംഘടിപ്പിക്കുക, മലിനീകരണ നിയന്ത്രണം, ജലസംരക്ഷണം, ആരോഗ്യ സംരക്ഷണം, മത്സ്യസമ്പത്തിന്റെ സംരക്ഷണം എന്നിവയെപ്പറ്റിയുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക, സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും സാനിട്ടറി സൗകര്യത്തോടെയുള്ള വീട് നിർമ്മിച്ചു നൽകുക, മത്സ്യഗ്രാമങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള പ്രത്യേക കുടിവെള്ള പദ്ധതികൾ, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് മുൻഗണനയും സംവരണവും ഏർപ്പെടുത്തുക, ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ പ്രവർത്തന മേഖല വിപുലപ്പെടുത്തുക, റസിഡൻഷ്യൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മത്സ്യ മേഖലയിൽ സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവ ഏറ്റെടുക്കുന്ന ജലാശയ മത്സ്യകൃഷി, മത്സ്യസംസ്ക്കരണ സൗകര്യങ്ങൾ, വ്യാവസായിക അടിസ്ഥാനത്തിൽ മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോൽസാഹിപ്പിക്കുക തുടങ്ങിയ നിരവധി പദ്ധതികൾ പുതിയ മത്സ്യമേഖലാ വികസന പരിപാലന നയത്തിൽ ഉൾപ്പെടുത്തി നയം താമസിയാതെ പ്രഖ്യാപിക്കുന്നതാണ്.

അഴീക്കൽ ഫിഷിംഗ് ഹാർബറിലെ ഐസ് പ്ലാന്റ് നവീകരണം

95 [1074] ശ്രീ ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബറിലെ ഐസ് പ്ലാന്റ് നവീകരണത്തിന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഈ ഐസ് പ്ലാന്റ് നവീകരണവുമായി ബന്ധപ്പെട്ട് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(സി) ഐസ് പ്ലാന്റിന്റെ നവീകരണപ്രവർത്തനങ്ങൾക്കുവേണ്ടി സർക്കാർ അനുവദിച്ച തുക എത്രയാണ്;

(ഡി) ഇക്കാര്യത്തിൽ ഇനിയും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) അഴീക്കൽ ഫിഷിംഗ് ഹാർബറിലെ ഐസ് പ്ലാന്റ് 17-11-1998-ലെ ജി. ഒ. (പി.) നമ്പർ 458/മ.തു.വ. പ്രകാരം ഉപയോഗിക്കുവാൻ മത്സ്യഫെഡിന് അനുവാദം നൽകിയിരുന്നു. എന്നാൽ ടി ഐസ് പ്ലാന്റിന്റെ നവീകരണം പ്രായോഗിക മല്ലെന്ന് കണ്ടതിനെത്തുടർന്ന് ഈ പ്ലാന്റ് തിരിച്ചെടുക്കണമെന്ന് മത്സ്യഫെഡ് ആവശ്യപ്പെട്ടിട്ടുണ്ട്. ടി ഐസ് പ്ലാന്റിലെ മെഷിനറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മത്സ്യഫെഡിന് കൈമാറിയ ഗവൺമെന്റ് ഐസ് പ്ലാന്റുകളുടെ നവീകരണത്തിനായി മൊത്തം 182.4 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവയിൽ കസബ, തലായി, കൊയിലാണ്ടി, താനൂർ എന്നീ പ്ലാന്റുകളുടെ നവീകരണ ജോലി പൂർത്തിയായിട്ടുണ്ട്. മാപ്പിളബേ, ചാവക്കാട് എന്നീ സ്ഥലങ്ങളിലുള്ള ഐസ് പ്ലാന്റുകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. അഴീക്കോട് (തൃശ്ശൂർ), നീണ്ടകര (കൊല്ലം), വെസ്റ്റ്ഹിൽ (കോഴിക്കോട്) എന്നിവ മത്സ്യഫെഡിന്റെ ആവശ്യങ്ങൾക്കായിട്ടാണ് കൈമാറിയിട്ടുള്ളത്.

മത്സ്യത്തൊഴിലാളി ക്ഷേമത്തിന് കേന്ദ്രഗവൺമെന്റ് അനുവദിച്ച തുക

96 [1075] ശ്രീ. കെ. എ. ചന്ദ്രൻ:
" ഇ. എം. അഗസ്തി:
" കെ. സി. ജോസഫ്:
" പി. ടി. തോമസ്:
" കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം മത്സ്യത്തൊഴിലാളി ക്ഷേമത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് എന്തു തുക അനുവദിച്ചിരുന്നു;

(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത്;

(സി) ഈ തുക കൊണ്ട് എത്രപേർക്ക് ആശ്വാസം ലഭിച്ചിരുന്നു;

(ഡി) ഈ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) ബാക്കി തുക ലാപ്സായിട്ടുണ്ടോ; എങ്കിൽ എത്ര തുക ലാപ്സായെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്വർണ്ണ ജയന്തി ഗ്രാമസ്വരസാഗർ യോജന പദ്ധതിക്കായി മത്സ്യഫെഡിനു ലഭിച്ച ഒരു കോടി 52 ലക്ഷം രൂപ ഉൾപ്പെടെ അഞ്ചു കോടി രണ്ടു ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ഭവന നിർമ്മാണം, സമ്പാദ്യ സമാശ്വാസ പദ്ധതി, തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ, ഹാർബറുകളിലെ ശുചിത്വ പരിപാലനം എന്നിവയ്ക്കാണ് തുക വിനിയോഗിച്ചത്.

(സി) ഒരു ലക്ഷത്തിലധികം മത്സ്യത്തൊഴിലാളികൾക്ക്.

(ഡി) എസ്.ജി.എസ്.വൈ. പദ്ധതിയുടെതൊഴിച്ച് മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. മത്സ്യത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണനം മുതലായവയാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 11.27 കോടി രൂപ അടങ്കൽ തുക വരുന്ന പ്രസ്തുത പദ്ധതിയുടെ ആദ്യഗഡു കേന്ദ്രസഹായമായ 1.52 കോടി രൂപ 2004 മാർച്ച് മാസത്തിലാണ് ലഭിച്ചത്. പദ്ധതി നിർവ്വഹണത്തിനായി വകയിരുത്തിയിട്ടുള്ള മറ്റു തുകകളും കൂടി ലഭിച്ചാൽ മാത്രമെ പദ്ധതി നിർവ്വഹണം ആരംഭിക്കാൻ കഴിയുകയുള്ളു.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly